ഉത്തരം

(എ) അഭ്യസ്തവിദ്യരും, തൊഴിൽരഹിതരുമായ യുവ കർഷകരെ ലക്ഷ്യമാക്കി താഴെ പറയുന്ന പദ്ധതികൾ കൃഷിവകുപ്പ് നടപ്പാക്കി വരുന്നു.

1. അനുയോജ്യ പ്രദേശങ്ങളിലെ പുഷ്പകൃഷി വികസനം.

2. വ്യാവസായികാടിസ്ഥാനത്തിൽ പൂക്കൃഷി

3. വനിതകളുടെ ഉന്നമനത്തിനായുള്ള പദ്ധതി

4. നിയോജക മണ്ഡലങ്ങൾ തോറും ഓരോ സമൃദ്ധി സ്റ്റോൾ വീതം തുടങ്ങി അവയിലൂടെ നടീൽ വസ്തുക്കളും കാർഷിക വസ്തുക്കളും വിൽക്കുന്ന പദ്ധതി.

5. കാർഷിക യന്ത്രവൽക്കരണ പദ്ധതി

(ബി) ജനകീയാസൂത്രണ പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതിയെ സംബന്ധിച്ച വിവരം കൃഷിവകുപ്പിൽ ലഭ്യമല്ല.

(സി) ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം, പദ്ധതിയിലെ അംഗങ്ങൾക്ക് കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യ വികസനം എന്നീ മേഖലകളിലെ വിവിധ പരിപാടികൾ ഒറ്റയ്ക്കോ, കൂട്ടായോ തെരഞ്ഞെടുത്ത് നടപ്പാക്കാവുന്നതാണ്. ഇത്തരം സ്വയം തൊഴിൽ പദ്ധതിയുമായി സന്നദ്ധരായി വരുന്ന യുവതീയുവാക്കൾക്ക് വായ്പാ സൗകര്യം ഏർപ്പെടുത്തുന്നതാണ്. നിലവിലുള്ള മറ്റ് പദ്ധതികളിൽ ഈ പദ്ധതി അംഗങ്ങൾക്ക് മുൻഗണനയും നൽകി വരുന്നു.

99 (417) ഹോർട്ടികൾച്ചർ കോർപ്പറേഷൻ ഗ്രീറ്റിംഗ്സ് കാർഡ് അച്ചടിപ്പിച്ചതിന് ചെലവഴിച്ച തുക

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ ഗ്രീറ്റിംഗ്സ് കാർഡ് അടിക്കാൻ പാടില്ലെന്നുള്ള സർക്കുലർ അവഗണിച്ച് കേരള ഹോർട്ടികൾച്ചറൽ കോർപ്പറേഷൻ ഗ്രീറ്റിംഗ്സ്കാർഡ് അച്ചടിപ്പിച്ചത് സർക്കാരിന്റെ അനുവാദത്തോടെയാണോ; ഇതിനു വേണ്ടി ഹോർട്ടികൾച്ചറൽ കോർപ്പറേഷൻ എന്തു തുക ചെലവഴിച്ചു;

(ബി) ഹോർട്ടികൾച്ചറൽ കോർപ്പറേഷൻ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡുകൾ നിർമ്മിച്ചിട്ടുണ്ടോ; ഇതിനായി കമ്മീഷൻ ക്ഷണിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) അല്ല. ഹോർട്ടികൾച്ചറൽ കോർപ്പറേഷന്റെ ഫണ്ട് ഉപയോഗിച്ച് ഗ്രീറ്റിംഗ്സ് കാർഡ് അച്ചടിച്ചിട്ടില്ല. എന്നാൽ ചെയർപേഴ്സണന്റെയും, മാനേജിംഗ് ഡയറക്ടറുടെയും സ്വന്തം ചെലവിൽ ഗ്രീറ്റിംഗ് കാർഡ് അച്ചടിക്കുകയുണ്ടായി.

(ബി)&(സി) ഹരിത സ്റ്റാളുകളിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡുകൾ വാങ്ങാൻ കമ്മീഷൻ ക്ഷണിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly